# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 24 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്–1

ഫോൺ : 04735–202664

www.prd.kerala.gov.in, prdsabarimala2020@gmail.com

---

**ജഡ്ജി ദേവൻരാമചന്ദ്രൻ സന്നിധാനത്ത് സൗകര്യങ്ങൾ വിലയിരുത്തി**

ഹൈക്കോടതി ദേവസ്വം ബഞ്ചിലെ ജഡ്ജി ദേവൻ രാമചന്ദ്രൻ സന്നിധാനം സന്ദർശിച്ചു. പുണ്യംപൂങ്കാവനം പദ്ധതിയ്ക്ക് കീഴിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്ത അദ്ദേഹം സന്നിധാനത്ത് ഭക്തജനങ്ങൾക്ക് ഏർപ്പെടുത്തിയ സൗകര്യങ്ങൾ തൃപ്തികരമാണെന്ന് വിലയിരുത്തി.

(പി.ആർ. ശബരി–56)

**സന്നിധാനത്ത് ഭക്തർക്ക് ആത്മജ്ഞാനത്തിന്റെ പൊരുളേകി അഖിലകേരള പുരാണപാരായണ കലാസംഘടനയുടെ ഭാഗവതപാരായണം**

അയ്യപ്പദർശനത്തിനായി സന്നിധാനത്തെത്തുന്ന ഭക്തർക്ക് ആത്മജ്ഞാനത്തിന്റെ പൊരുൾ വ്യക്തമാക്കുന്ന ഭാഗവതപാരായണം നടത്തി തത്വജ്ഞാനത്തിന്റെ പുതിയവഴികൾ പകരുകയാണ് അഖിലകേരള പുരാണപാരായണ കലാസംഘടന. 2004ൽ ആരംഭിച്ച ഭാഗവതപാരായണം ഇന്നും യാതൊരു മുടക്കവുമില്ലാതെ മണ്ഡല–മകരവിളക്കുൽസവകാലത്ത് സന്നിധാനത്ത് തുടരുന്നു. പുരാണപാരായണ കലാസംഘടന എക്സിക്യൂട്ടീവംഗം കൊട്ടാരക്കര

ഓടനാവട്ടം സ്വദേശി സഹദേവൻ ചെന്നപ്പാറയുടെ നേതൃത്വത്തിൽ സംഘട നയിലെ അംഗങ്ങളാണ് ഊഴമിട്ട് പാരായണം നടത്തുന്നത്. 2004ൽ ഭാഗവതാ ചാര്യൻ കാക്കകോട്ടൂർ മുരളിയുടെ നേതൃത്വത്തിലായിരുന്നു സന്നിധാനത്തെ ആദ്യപാരായണം.

പുരാണങ്ങളിൽ ഏറ്റവും മഹത്തരമാണെന്ന് വിശേഷിപ്പിക്കപ്പെടുന്ന ശ്രീമ ഹാഭാഗവതം അഖണ്ഡബോധ രൂപമായ ബ്രഹ്മമാണ് ജഗത് സത്യമെന്ന് പ്ര ഖ്യാപിക്കുന്നു. ഏതുണ്ടെങ്കിൽ പ്രപഞ്ചമുണ്ട് ഏതില്ലെങ്കിൽ പ്രപഞ്ചമില്ല എ ന്ന കാര്യം യുക്തിപൂർവം ചിന്തിക്കാൻ മനുഷ്യരെ പ്രേരിപ്പിക്കുന്നു. ബ്രഹ്മശ രീരമായ ജഗത്തിനെ നൈമശാരണ്യമെന്നാണ് ഭാഗവതം വിശേഷിപ്പിക്കുന്ന ത്. കാമക്രോധ ലോഭ മോഹാദികളാകുന്ന ക്രൂരമൃഗങ്ങൾ നിറഞ്ഞ നൈമാ ശാരണ്യമാകുന്ന ദേഹത്തിൽ മനുഷ്യജീവിതത്തിന്റെ കർമ്മമായ യജ്ഞം തു ടങ്ങുമ്പോൾ യജ്ഞകവാടം സാവധാനത്തിൽ തത്വജ്ഞാനം അന്വേഷിക്കു മെന്നും ഇതിന് വഴികാട്ടിയാവാൻ ഗുരുവായ സൂതൻ എത്തി എല്ലാവർക്കും തത്വജ്ഞാനം പകരുന്നുവെന്നാണ് ഭാഗവതത്തിന്റെ രീതിശാസ്ത്രം. ഈ പൊരുളാണ് പാരായണത്തിലൂടെ പകരാൻ ശ്രമിക്കുന്നത്.

രാവിലെ 8മുതൽ 12വരെയും ഉച്ചയ്ക്ക് 2മുതൽ 4വരെയുമാണ് പാരായണം. മൂന്ന്പേരാണ് ഭാഗവതം പാരായണം ചെയ്യുക. ഉൽസവകാലത്തിനിടയിൽ സംഘടനയിൽപ്പെട്ട നാൽപ്പതിലേറെ പേരെങ്കിലും സന്നിധാനത്തെത്തി ഭാ ഗവതം പാരായണം ചെയ്യുന്നു.

ഭാരതത്തിന്റെ തത്വസംഹിതകളുടെ സാരംശം ഉൾക്കൊള്ളുന്ന പുരാണങ്ങ ളെപ്പറ്റി പുതുതലമുറയ്ക്ക് അറിവ്പകരാൻ 1991ലാണ് അഖിലകേരള പുരാണ പാരായണ കലാസംഘടന രൂപം കൊള്ളുന്നത്. ഇന്നത്തെ ജനറൽസെക്രട്ടറി വാസു മുഖത്തലയുടെ നേതൃത്വത്തിലായിരുന്നു ഇത്. ഇന്ന് പതിനായിരത്തി ലേറെ അംഗങ്ങളുണ്ട് ഈ സംഘടനയിൽ. കേരളസംസ്ഥാന സാംസ്കാരിക വകുപ്പിന്റെ അംഗീകാരവും ലഭിച്ചു. അവശകലാകാരന്മാർക്കുള്ള പെൻഷൻ പദ്ധതിയിലും ക്ഷേമനിധിയിലും സംഘടനയിലെ അംഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. കൊല്ലം ആസ്ഥാനമായി പ്രവർത്തിക്കുന്ന കലാസംഘടനയുടെ നേതൃത്വ ത്തിൽ 20ലേറെ പുരാണപാരായണ ക്ലാസുകളും നടക്കുന്നു. കേരളത്തിലെ വിവിധകേന്ദ്രങ്ങളിലും അംഗങ്ങൾ പുരാണപാരായണം നടത്താറുണ്ട്. സന്നി ധാനത്തെ ഭാഗവതപാരായണം അയ്യപ്പഭക്തർക്ക് അറിവിന്റെ പുതുലോകം പ കരുന്നു.

(പി.ആർ. ശബരി–57)

**സന്നിധാനത്ത് ശുചീകരണയജ്ഞം നടത്തി**

അയ്യപ്പസന്നിധിയിലെത്തുന്ന ഭക്തജനങ്ങൾക്ക് വിശ്രമിക്കുന്നതിനും വിരി വെയ്ക്കുന്നതിനുമായി വലിയനടപ്പന്തൽ, മാളികപ്പുറം, തിരുമുറ്റം, പതിനെ ട്ടാംപടി തുടങ്ങിയ ഇടങ്ങളിൽ സന്നിധാനത്തെ വിവിധവകുപ്പുകളുടെ സംയു ക്താഭിമുഖ്യത്തിൽ ശുചീകരണയജ്ഞം നടത്തി. ഭക്തജനങ്ങൾക്ക് അസൗക

ര്യമുണ്ടാക്കാത്ത രീതിയിൽ ഉച്ചയ്ക്ക് നട അടച്ചശേഷം ആരംഭിച്ച ശുചീകരണം മൂന്നുമണിക്കൂറോളം നീണ്ടു. ഹൈപ്രഷർ ഹൈഡ്രന്റ് പമ്പയിൽ നിന്നുള്ള വെള്ളം ഉപയോഗിച്ച് ശുചിയാക്കുന്നതിനോടൊപ്പം വിശുദ്ധിസേനാംഗങ്ങളും ശുചീകരണയജ്ഞത്തിൽ പങ്കെടുത്തു. സന്നിധാനത്തും പരിസരപ്രദേശങ്ങളിലും നടത്തുന്ന മരാമത്ത് പണികളും, നിരന്തരമുള്ള ട്രാക്ടർ സർവീസ് മൂലമുള്ള പൊടിപടലങ്ങൾ മാറ്റുന്നതിന് പോലീസല് കൺട്രോൾ റൂം, ദേവസ്വം എന്നിവിടങ്ങളിൽ നിന്നുള്ള ആവശ്യാനുസരണം തുടർച്ചയായി ഇനിയും ശുചീകരണം നടത്തുമെന്ന് അധികൃതർ അറിയിച്ചു. സന്നിധാനം ഫയർസ്റ്റേഷൻ ഓഫീസർ എസ്. ഗോപകുമാർ, അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ പി.ആർ. ലാൽജി എന്നിവരുടെ നേതൃത്വത്തിൽ ഫയർഫോഴ്സ് സേനാംഗങ്ങൾ, ഹെൽത്ത് വകുപ്പിന് കീഴിലുള്ള വിശുദ്ധിസേനാംഗങ്ങൾ, കെ.എസ്.ഇ.ബി. സ്റ്റാഫംഗങ്ങൾ എന്നിവർ ശുചീകരണയജ്ഞത്തിൽ പങ്കാളികളായി.

(പി.ആർ. ശബരി–58)

## സൂര്യഗ്രഹണം ഡിസംബർ 26ന്: നാല് മണിക്കൂർ തിരുനട അടച്ചിടും

സൂര്യഗ്രഹണം കണക്കിലെടുത്ത് ഡിസംബർ 26ന് രാവിലെ 7.30 മുതൽ 11.30വരെ ക്ഷേത്രനട അടച്ചിടും. മാളികപ്പുറം, പമ്പ തുടങ്ങിയ ക്ഷേത്രങ്ങിലും ഇത് ബാധകമായിരിക്കും. ഗ്രഹണസമയത്ത് ക്ഷേത്രനട തുറന്നിരിക്കുന്നത് ഉചിതമല്ലെന്ന് ക്ഷേത്രം തന്ത്രി കണ്ഠരര് മഹേഷ് മോഹനര് അറിയിച്ചതിനെ തുടർന്നാണിത്. അന്നേദിവസം പുലർച്ചെ മൂന്ന് മണിക്ക് തുറക്കുന്ന ക്ഷേത്രനട അഭിഷേകത്തിനും നെയ്യഭിഷേകത്തിനും ശേഷം ഉഷപൂജ കഴിഞ്ഞ് 7.30ന് അടയ്ക്കും. പിന്നീട് ഗ്രഹണം കഴിഞ്ഞ് 11.30ന് നടതുറന്ന് പുണ്യാഹം കഴിഞ്ഞതിന് ശേഷം മാത്രമെ ഉച്ചപൂജയ്ക്കുള്ള നിവേദ്യം പാകം ചെയ്യുകയുള്ളു. ഇതനുസരിച്ച് പൂജാസമയങ്ങൾ ക്രമീകരിക്കുന്നതാണെന്ന് ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

(പി.ആർ. ശബരി–59)

## അണുബാധയൊഴിവാക്കാൻ സെൻസറിങ് ടാപ്പുകളൊരുക്കി വാട്ടർ അതോറിറ്റി

ശബരിമല തീർത്ഥാടകർക്ക് കുടിവെള്ളത്തിന് വിപുലമായ സൗകര്യങ്ങളൊരുക്കി കേരളാവാട്ടർ അതോറിറ്റി. അണുബാധയൊഴിവാക്കാൻ ഇക്കുറി സെൻസറിങ് ടാപ്പുകളാണ് മിക്ക ഡിസ്പെൻസറികളിലും ഉപയോഗിച്ചിട്ടുള്ളത്. അണുവിമുക്തവും ശുദ്ധവുമായ കുടിവെള്ളം അയ്യപ്പഭക്തർക്ക് ലഭ്യമാക്കുകയാണ് കേരളാ വാട്ടർഅതോറിറ്റിയുടെ ലക്ഷ്യം. പമ്പാതീർത്ഥം എന്നപേരിലാണ് ജലവിതരണം. പമ്പയിൽ ഒരുദിവസം ഒരുകോടി 30ലക്ഷം ലിറ്റർ വെള്ളം ശുദ്ധീകരിക്കാൻ കഴിയുന്ന പ്ലാന്റാണ് വാട്ടർ അതോറിറ്റിക്കുള്ളത്. ഇതിനുപുറമേ കെ.എസ്.ആർ.ടി.സി, ഹിൽടോപ്പ്, ത്രിവേണി, പമ്പാഗണപതി കോവിൽ, നീലിമലബോട്ടം, നീലിമലടോപ്പ്, അപ്പാച്ചിമേട്, മരക്കൂട്ടം, ശരംകുത്തി, സന്നിധാ

നം എന്നിവിടങ്ങളിൽ ആർ.ഒ, യു.വി പ്ലാന്റുകളും സ്ഥാപിച്ചു. മണിക്കൂറിൽ 34000ലിറ്റർ ജലം ശുദ്ധീകരിക്കാൻ ശേഷിയുള്ളതാണീ പ്ലാന്റുകൾ. ഇതിനു പുറമേ കെ.എസ്.ആർ.ടി.സി. മുതൽ പമ്പവരെ കാനനപാതയിൽ 120 കിയോസ്കുകളും സ്ഥാപിച്ചു. കിയോസ്കുകൾ മണിക്കൂറുകൾ ഇടവിട്ട് കഴുകി വൃത്തിയാക്കാൻ പ്രത്യേകം ജോലിക്കാരെയും നിയോഗിച്ചിട്ടുണ്ട്. ജലവിതരണം കാര്യക്ഷമമാക്കുന്നതിന് അറ്റകുറ്റപണികൾക്കായി വിവിധയിടങ്ങളിൽ പ്രത്യേക ടീമുകളേയും നിയോഗിച്ചിട്ടുണ്ട്.

ചൂട്, തണുപ്പ്, സാധാരണവെള്ളം കിട്ടുന്നതിനായാണ് നിലയ്ക്കൽ, പമ്പ, കെ.എസ്.ആർ.ടി.സി. എന്നിവിടങ്ങളിൽ ഡിസ്പെൻസറുകൾ സ്ഥാപിച്ചത്. മൊത്തം 19 ഡിസ്പെൻസറുകളാണ് പുതുതായി സ്ഥാപിച്ചത്. ഇതിൽ ഏഴെണ്ണത്തിലാണ് പരീക്ഷണടിസ്ഥാനത്തിൽ സെൻസർ ടാപ്പുകൾ സ്ഥാപിച്ചത്.

ഇതിനുപുറമേ നിലയ്ക്കലേക്ക് ടാങ്കർലോറിയിൽ വെള്ളമെത്തിക്കുന്നതിനുള്ള നടപടികളും വാട്ടർഅതോറിറ്റി ചെയ്തുവരുന്നു. മണിക്കൂറിൽ 25000ലിറ്റർ ജലം ശുദ്ധീകരിക്കാൻ കഴിയുന്ന ആർ.ഒ, യു.വി പ്ലാന്റും ഇവിടെ പ്രവർത്തിക്കുന്നു. 115 കിയോസ്കുകളും നിലയ്ക്കൽ മേഖലയിൽ സ്ഥാപിച്ച് കഴിഞ്ഞു. വാട്ടർടാങ്കുകളിലെ ജലനിരപ്പ് ദൂരെനിന്ന് പോലും അറിയാൻ കഴിയുന്ന സെൻസറിങ് സംവിധാനം പരീക്ഷണടിസ്ഥാത്തിൽ സന്നിധാനത്ത് നടപ്പാക്കി കഴിഞ്ഞു. ട്രയൽടൺ വിജയിച്ചാൽ ഇത് എല്ലായിടത്തും നടപ്പിലാകും. നടപ്പന്തൽ മുതൽ സന്നിധാനംവരെ കുടിവെള്ള വിതരണം ദേവസ്വംബോർഡ് നേരിട്ടാണ് നടത്തുന്നത്. ഇതും കാര്യക്ഷമമായി നടക്കുന്നുണ്ട്.

ചുരുക്കത്തിൽ തീർത്ഥാടനത്തിനെത്തുന്നവരുടെ കുടിവെള്ളം മുട്ടാതിരിക്കാനുള്ള ബന്ധശ്രദ്ധയിലാണ് വാട്ടർഅതോറിറ്റിയും ദേവസ്വംബോർഡും.

(പി.ആർ. ശബരി-60)

**തീപിടുത്തം നേരിടാൻ സർവസന്നാഹമൊരുക്കി അഗ്നിസുരക്ഷാസേന**

മണ്ഡല-മകരവിളക്കുൽവത്തിന് നടതുറന്ന് ഒരാഴ്ച പിന്നിടുമ്പോൾ സന്നിധാനത്ത് അഗ്നിസുരക്ഷാ ബോധവൽക്കരണ മുൻകരുതൽ പരിപാടികളുമായി സജീവമാണ് അഗ്നിസുരക്ഷാ സേന. ദേവസ്വം, പോലീസ് മെസുകൾ, ഹോട്ടലുകൾ, ഗോഡൗണുകൾ, എൽ.പി.ജി ഗോഡൗൺ തുടങ്ങി തീപിടുത്ത സാധ്യതകളുള്ള വിഭാഗങ്ങളിലെ ജീവനക്കാർക്കായി ഇരുപതിലേറെ ബോധവൽക്കരണ ശിൽപ്പശാലകളാണ് അഗ്നിസുരക്ഷാ സേന ഒരാഴ്ചയ്ക്കുള്ളിൽ സന്നിധാനത്ത് സംഘടിപ്പിച്ചത്. അഗ്നിശമന ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനവും പ്രായോഗിക അവതരണവും ഇതോടൊപ്പം നടന്നു.

ആദ്യഘട്ടമെന്ന നിലയിൽ സന്നിധാനത്തെ ഫയർ ഹൈഡ്രന്റുകളുടെ പരിശോധനയും സേനാംഗങ്ങൾ നടത്തി. തകരാറുള്ളവ നന്നാക്കി. തീപിടുത്തം നേരിടാൻ വിപുലമായ ഒരുക്കങ്ങളാണ് സ്പെഷ്യൽ ഓഫീസർ കെ.ആർ അ

ഭിലാഷിന്റേയും സ്റ്റേഷൻ ഓഫീസർ എസ്. ഗോപകുമാറിന്റേയും നേതൃത്വത്തിൽ നടത്തിയിട്ടുള്ളത്. സന്നിധാനത്തെ ഒൻപത് ഫയർപോയിന്റുകളായി തിരിച്ചാണ് സേനയുടെ പ്രവർത്തനം. അപ്പം-അരവണ പ്ലാന്റുകൾ, എൽ.പി.ജി. ഗോഡൗൺ, കെട്ടിടങ്ങൾ, ഹോട്ടലുകൾ, കൊപ്രാക്കളം, തീപിടത്ത സാധ്യതയുള്ള മറ്റിടങ്ങൾ എന്നിവിടങ്ങളിൽ പരിശോധന നടത്തി. തീപിടുത്ത പ്രതിരോധ സംവിധാനങ്ങൾ വിലയിരുത്തി.

മരക്കൂട്ടം, ശരംകുത്തി, കെ.എസ്.ഇ.ബി, നടപ്പന്തൽ, കൊപ്രാക്കളം, സോപാനം, മാളികപ്പുറം, ഭസ്മക്കുളം, പാണ്ടിത്താവളം എന്നിങ്ങനെ പോയിന്റുകൾ തിരിച്ച് ആറുപേരെ വീതം നിയോഗിച്ചിട്ടുണ്ട്. സോപാനത്ത് മാത്രം നാലുപേരാണ് ഡ്യൂട്ടിയിലുണ്ടാകുക. മൊത്തം 66 സേനാംഗങ്ങളാണ് സന്നിധാനത്തുള്ളത്. ഡ്യൂട്ടിചെയ്യുന്ന സ്ഥലവും വിശ്രമസ്ഥലവും ഒരിടത്തുതന്നെ ക്രമീകരിച്ചതിനാൽ ഏത് സമയവും സജ്ജമാണ് സേനാംഗങ്ങൾ. 24മണിക്കൂർ ഡ്യൂട്ടിയെന്ന രീതിയിലാണ് കാര്യങ്ങളുടെ ക്രമീകരണം. ആശയവിനിയമത്തിന് വയർലൻസ് സംവിധാനമാണ് ഉപയോഗിക്കുക.

ഫയർഫോഴ്സിനായി പാണ്ടിത്താവളത്ത് പ്രത്യേകം നിർമിച്ച 20ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണിയാണ് പ്രധാന ജലസ്രോതസ്. അതിനുപുറമെ 49 വാട്ടർ ഹൈഡ്രന്റുകളും സന്നിധാനത്ത് പ്രവർത്തന ക്ഷമമമാണ്. പൊള്ളലേൽക്കുന്നത് തടയാനുള്ള പ്രത്യേക ജാക്കറ്റ്, ശ്വസനോപകരണങ്ങൾ, ഹൈഡ്രോളിക് രക്ഷാ ഉപകരണങ്ങൾ, പോർട്ടബിൾ പമ്പുകൾ, വിവിധതരം ഹോസുകൾ, ആസ്കാലൈറ്റുകൾ, ചെയിൻസോ, റോപ്പുകൾ തുടങ്ങി വൈവിധ്യമാർന്ന രക്ഷാ ഉപകരണങ്ങളും സേന സന്നിധാനത്ത് സജ്ജീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ നിത്യവും സോപാനം, തിരുമുറ്റം, പതിനെട്ടാംപടി, മാളികപ്പുറം, അപ്പം-അരവണ കൗണ്ടർ, വലിയനടപ്പന്തൽ എന്നിവ വെള്ളം പമ്പ്ചെയ്ത് കഴുകി വൃത്തിയാക്കുന്നതും അഗ്നിസുരക്ഷാ സേനാംഗങ്ങളാണ്.

(പി.ആർ. ശബരി-61)

**ഫോട്ടോ അടിക്കുറിപ്പ്**

1, 2 അഗ്നിസുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ച പരിശീലനം

3, 4, 5 ഹൈക്കോടതി ദേവസ്വം ബഞ്ച് ജഡ്ജി ദേവൻ രാമചന്ദ്രൻ സന്നിധാനത്ത്

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 24 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2


ഫോൺ : 04735-202664

www.prd.kerala.gov.in, prdsabarimala2020@gmail.com


---

### പുകിയില ഉൽപ്പന്നങ്ങൾ പിടികൂടി: പിഴ 7400രൂപ

സന്നിധാനത്ത് എക്സൈസ് അധികൃതർ നടത്തിയ റെയ്ഡിൽ 37 കേസുകളിലായി 25 പായ്ക്കറ്റ് പുകയില ഉൽപ്പന്നങ്ങളും ബീഡി. സിഗരറ്റ് എന്നിവയും പിടികൂടി. പുകയില ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നവരിൽ നിന്നും ഉപയോഗിച്ചവരിൽനിന്നുമായി 7400 രൂപ പിഴയീടാക്കി. പാണ്ടിത്താവളം, ഉരൽക്കുഴി, ഭസ്മക്കുളം, നടപ്പന്തൽ, മരക്കൂട്ടം, ശബരീപീഠം എന്നിവിടങ്ങളിലായിരുന്നു വ്യാപക റെയ്ഡ്. പിടിച്ചെടുത്ത ഉ ൽപ്പന്നങ്ങൾ ഡ്യൂട്ടി മജിസ്ട്രേറ്റ് മുൻപാകെ ഹാജരാക്കി നശിപ്പിച്ചു. മദ്യം-മയക്ക്മരുന്ന്, മറ്റ് ലഹരി പദാർത്ഥങ്ങൾ സംബന്ധിച്ച വിവരങ്ങൾ 04735-202203 എന്ന നമ്പറിൽ അറിയിക്കണമെന്ന് എക്സൈസ് റേഞ്ച് സർക്കിൾ ഇൻസ്പെക്ടർ ആർ. മനോജ് അറിയിച്ചു.

(പി.ആർ. ശബരി-62)

## ശബരിമല ഇന്നത്തെ (25.11.19 ) ചടങ്ങുകൾ

2.45 ന് പള്ളിയുണർത്തൽ
പുലർച്ചെ 3ന് നട തുറക്കൽ
3.05 ന് നിർമ്മാല്യ ദർശനം
3.10 ന് അഭിഷേകം
3.20 ന് നെയ്യഭിഷേകം.
3.30 ന് ഗണപതിഹോമം
3.20 മുതൽ ഉച്ചക്ക് 11.30 വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
7.45 മുതൽ ഉദയാസ്തമന പൂജ
12.30ന് ഉച്ചപൂജ
ഉച്ചയ്ക്ക് 1 ന് നട അടയ്ക്കും
വൈകുന്നേരം 4ന് നട തുറക്കും
6.30ന് ദീപാരാധന
6.45 മുതൽ 7.45 വരെ പടിപൂജ
8ന് പുഷ്പാഭിഷേകം
10 ന് അത്താഴപൂജ
രാത്രി 10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.